# ലേലപരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി.

കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിൽ **2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച്** 31 കൂടിയുള്ള കാലത്തേയ്ക്ക് വഴിപാടുകാർക്ക് വേണ്ടി കതിനവെടി നടത്തുന്നതിനായി വെടി **1** ക്ക് ഏറ്റവും കുറവ് സംഖ്യയ്ക്ക് സുരക്ഷാക്രമീകരണങ്ങൾ, വെടിമരുന്ന്, കൂലിച്ചെലവ് അടക്കം മുഴുവൻ ചുമതലയോടും കൂടി നടത്തിക്കൊള്ളാമെന്നതിലേയ്ക്ക് ലേലവും/ടെണ്ടറും ക്ഷണിക്കുന്നു.

ലേലം/ടെണ്ടർ പങ്കെടുക്കുന്ന ആൾക്ക് LE 3 ലൈസൻസ് ഉണ്ടായിരിക്കേണ്ടതും LE 2 ലൈസൻസ് പ്രകാരം ക്ഷേത്രത്തിലേയ്ക്ക് ആവശ്യമായ quantity വെടിമരുന്ന് സപ്ലൈ ചെയ്യേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 2,50,000 ക. (രണ്ട് ലക്ഷത്തി അമ്പതിനായിരം ഉറുപ്പിക) യുടെ ഡിമാന്റ് ഡ്രാഫ്റ്റ് "സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ" എന്ന പേരിൽ എടുത്ത് ലേലസമയത്ത് ഹാജരാക്കേണ്ടതാണ്. ലേലം വെടി 1ക്ക് ഏറ്റവും കുറവ് സംഖ്യയ്ക്ക് വിളിക്കുന്ന ആൾക്ക് മൂന്ന് പ്രാവശ്യം വിളിച്ച് ഉറപ്പിക്കുന്നതാണ്. ടെണ്ടറുകൾ വെട്ടിത്തിരുത്തലുകൾ കൂടാതെ സമർപ്പിക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 2,50,000 ക. (രണ്ട് ലക്ഷത്തി അമ്പതിനായിരം ഉറുപ്പിക)യുടെ ഡിമാന്റ് ഡ്രാഫ്റ്റ് "സ്പെഷ്യൽ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ" എന്ന പേരിൽ എടുക്കേണ്ടതാണ്. ടെണ്ടർ അടങ്ങിയ കവറിന്റെ മുകളിൽ **"2018-2019 തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ വെടിവഴിപാട് ടെണ്ടർ"** എന്ന് എഴുതിയിരിക്കേണ്ടതുമാണ്. ലേലം/ടെണ്ടർ **2018 മാർച്ച് മാസം 05-ാം തിയ്യതി** കാലത്ത് 10 മണിക്ക് തൃപ്രയാർ ദേവസ്വം ഓഫീസിൽ വെച്ച് നടത്തുന്നതായിരിക്കും. ലേലത്തിന് ഒരു മണിക്കൂർ മുമ്പുവരെ ടെണ്ടറുകൾ തൃപ്രയാർ ദേവസ്വം ഓഫീസിൽ സ്വീകരിക്കുന്നതാണ്. ലേലനടപടിക്കുശേഷം ടെണ്ടറുകൾ തുറന്നുപ്രസിദ്ധീകരിക്കുന്നതാണ്. ലേലസംഖ്യയാണോ ടെണ്ടർ സംഖ്യയാണോ ഏതാണ് കുറവ് സംഖ്യ എങ്കിൽ ആയത് സ്വീകരിക്കുന്നതാണ്. ദേവസ്വത്തിന് ഗുണകരമായ ലേലം/ടെണ്ടർ ബഹു. ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ഉറപ്പിക്കുന്നതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WPC No. 6412/12 ഉത്തരവ് പ്രകാരം LE 2 ലൈസൻസി അനുവദിക്കപ്പെട്ട സ്ഥലത്തിന് ഇൻഷൂർ ചെയ്യേണ്ടതും, ക്ഷേത്രത്തിൽ ലേല കാലാവധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവൻ ലേലക്കാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആകുന്നു. എക്സ്പ്ലോസീവ് ആക്ട് അനുശാസിക്കുന്ന ലൈസൻസ്, 3rd Party Claim അടക്കം ലഭിക്കുന്നതിനായി ഇൻഷ്വറൻസ് മറ്റു സുരക്ഷാനടപടികൾ ഇവയെല്ലാം ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പരിപാലിക്കേണ്ടതും അവയുടെ ലംഘനം നിമിത്തമോ ലേലക്കാരന്റേയോ, ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടേയോ അശ്രദ്ധ നിമിത്തമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് തൃപ്രയാർ ദേവസ്വത്തിനോ, കൊച്ചിൻ ദേവസ്വം ബോർഡിനോ യാതൊരുവിധ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ലാത്തതും ആകുന്നു. കൂടാതെ ലേലം കൊണ്ട സംഖ്യയ്ക്ക് തുല്യമായ ബാങ്ക് ഗ്യാരന്റി ടിയാൻ ഹാജരാക്കേണ്ടതുമാണ്. ലേലക്കാരൻ വെടിവഴിപാട് ചെയ്ത് പ്രവൃത്തി മുഴുവനായി സ്വന്തം ചിലവിൽ ഇൻഷൂർ ചെയ്ത് സർട്ടിഫിക്കറ്റ് പ്രവൃത്തി ഏറ്റെടുക്കുന്നതിനുമുമ്പായി ദേവസ്വത്തിൽ ഹാജരാക്കേണ്ടതാണ്.

ടെണ്ടർ കാലാവുധിയിൽ ഉൾപ്പെടുന്ന കാലയളവിലുള്ള വെടികൾ മുഴുവനും ലേലം/ടെണ്ടറുകാരന്റെ ചുമതലയിലും ഉത്തരവാദിത്വത്തിലും ആയിരിക്കും.

*(മറുപുറം)*

എക്സ്പ്ലോസീവ് നിയമങ്ങളും മറ്റ് ചട്ടങ്ങളും അനുശാസിക്കുന്ന ലൈസൻസുകൾ സുരക്ഷാനടപടികൾ മുതലായവയെല്ലാം ടെണ്ടറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്. ടെണ്ടറുകാരന്റേയോ ടിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ അശ്രദ്ധ നിമിത്തമൊ മറ്റേതെങ്കിലും കാരണങ്ങളാലോ ഉണ്ടാകുന്ന സകലവിധ കഷ്ടനഷ്ടങ്ങൾക്കും തൃപ്രയാർ ദേവസ്വത്തിനൊ കൊച്ചിൻ ദേവസ്വം ബോർഡിനൊ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.

പതിവായി ദിവസവും വലിയ കതിനകൾ ഉപയോഗിച്ച് 16 വെടികളും, വൃശ്ചികമാസത്തിലെ ഏകാദശിക്ക് രാവിലെ 501 ഉം വൈകീട്ട് 1501 ഉം മീനമാസത്തിലെ പൂരം പുറപ്പാടിന് 1501 ഉം, ഏകാദശി, പത്താമുദയം, പൂരം, വാരം മുതലായ വിശേഷാൽ ദിവസങ്ങളിലും പൂരം എഴുന്നെള്ളിച്ച് പോകുമ്പോഴും മറ്റും പതിവുപോലെ നടത്തിവരുന്ന ആചാരവെടികളും അനുഭവം പറ്റാതേയും ആക്ഷേപങ്ങൾ കൂടാതെയും ടെണ്ടറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാകുന്നു. പതിവു വെടികളും വഴിപാടു വെടികളും നല്ല വെടിമരുന്ന് ഉപയോഗിച്ച് ആക്ഷേപങ്ങൾക്ക് ഇടനൽകാതെ നടത്തേണ്ടതാകുന്നു. ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളികളോ ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമായി പെരുമാറാൻ പാടില്ലാത്തതും ക്ഷേത്രദർശനത്തിന് വരുന്ന ഭക്തന്മാരോട് മര്യാദയായും ആക്ഷേപങ്ങൾക്ക് ഇടനൽകാതേയും പെരുമാറേണ്ടതുമാകുന്നു.

മേൽ നിശ്ചയങ്ങൾക്ക് വിരുദ്ധമായി ടെണ്ടറുകാരനോ ടിയാന്റെ തൊഴിലാളികളോ ആക്ഷേപങ്ങൾക്ക് ഇടവരുത്തുകയോ ദേവസ്വത്തിന് വരുമാനം നഷ്ടപ്പെടുത്തുന്ന രീതിയിൽ പ്രവർത്തിക്കുകയോ മറ്റൊ ചെയ്താൽ ടെണ്ടർ ദുർബ്ബലപ്പെടുത്തുന്നതിനും ആവശ്യാനുസരണം പിഴ ഈടാക്കുന്നതിനും ദേവസ്വം ബോർഡിന് അധികാരം ഉണ്ടായിരിക്കും. ഇതിനുപുറമെ ടെണ്ടറുകാരൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം പിഴയായി മുതൽക്കൂട്ടുന്നതിനും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ടെണ്ടർവയ്ക്കുന്നതിനും മറ്റും യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും. വീണ്ടും ടെണ്ടറുകൾ വയ്ക്കേണ്ടിവന്നാൽ അതിൽ ലാഭമുണ്ടായാൽ ടിയാന് അവകാശമില്ലാത്തതും നഷ്ടമുണ്ടായാൽ ടിയാനിൽ നിന്നും വസൂലാക്കി എടുക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

ലേലം/ടെണ്ടർ ലഭിച്ചയാൾ എക്സ്പ്ലോസീവ് സാമഗ്രികൾ, കൂലിച്ചെലവ്, വെടിമരുന്ന് ചിലവ് എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യുമെന്ന വിവരം മതിയായ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് തരേണ്ടതാണ്. ലേലം/ടെണ്ടറുകാരൻ കെട്ടിവെയ്ക്കുന്ന നിരതദ്രവ്യം ടെണ്ടർ കാലാവധിക്കുശേഷം യാതൊരു ബാദ്ധ്യതകളും ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മടക്കിക്കൊടുക്കുന്നതായിരിക്കും.

ഏതെങ്കിലും കാരണവശാൽ ടെണ്ടർ നടത്തുന്നതിന് ബുദ്ധിമുട്ടോ, മറ്റ് തടസ്സങ്ങളോ ഉണ്ടായാൽ ടെണ്ടർ നിർത്തിവെച്ച് ബഹുമാനപ്പെട്ട ബോർഡിന്റെ തീർപ്പിന് വിധേയമായി മേൽനടപടികൾ സ്വീകരിക്കുന്നതുമാകുന്നു.

ഈ ലേലം/ടെണ്ടറിനെപറ്റി കൂടുതലായി എന്തെങ്കിലും അറിയണമെന്ന് ആഗ്രഹിക്കുന്നവർ തൃപ്രയാർ ദേവസ്വം ഓഫീസ്സിലോ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്സിലോ പ്രവൃത്തിസമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്
സ്പെഷ്യൽ ദേവസ്വം കമ്മീഷണർ

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്,
തൃശ്ശൂർ.
തിയ്യതി: 20-02-2018